**പതിനാലാം കേരള നിയമസഭ ഒന്നാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ 278**
**- 29.06.2016-ന് മറുപടി നൽകേണ്ടത്**

**സംസ്ഥാന സംരംഭക മിഷൻ**

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ. എസ്. ശർമ്മ<br>ശ്രീ. എ. എൻ. ഷംസീർ<br>ശ്രീ. കാരാട്ട് റസാഖ്<br>ശ്രീ. പി.ടി.എ. റഹീം.** | **ഡോ. റ്റി.എം. തോമസ് ഐസക്,<br>ബഹു. ധനകാര്യവും കയറും വകുപ്പമന്ത്രി** |
| എ. | മുൻ സർക്കാർ പ്രഖ്യാപിച്ച സംസ്ഥാന സംരംഭക മിഷനെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; | ഉണ്ട് |
| ബി | പ്രസ്തുത മിഷന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നു; പദ്ധതി നടത്തിപ്പിനായി എടുത്ത ഭരണപരമായ നടപടികൾ എന്തൊക്കെയായിരുന്നു; പദ്ധതി ലക്ഷ്യം നേടിയോ; ഇതിൻ പ്രകാരം എത്ര സംരംഭങ്ങൾ തുടങ്ങിയെന്നും അതുവഴി എത്രപേർക്ക് തൊഴിൽ ലഭിച്ചെന്നും അറിയിക്കാമോ; | സംസ്ഥാനത്തെ യുവതീയുവാക്കൾക്കിടയിൽ സംരംഭകത്വസ്വഭാവം വളർത്തിയെടുക്കുന്നതിനായി കേരള സർക്കാർ രൂപം നൽകിയ പദ്ധതിയാണ് കേരള സംസ്ഥാന സംരംഭക വികസന മിഷൻ. ആത്മാർത്ഥതയും ആശയങ്ങളും ഉള്ള തൊഴിൽ രഹിതരായ വിദ്യാസമ്പന്നരെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ പരിശീലനം നൽകി ലളിതമായ ജാമ്യവ്യവസ്ഥകളിലൂടെ സാമ്പത്തിക സഹായം നൽകുകയാണ് ഈ മിഷനിലൂടെ ലക്ഷ്യമിട്ടത്.<br><br>50,000 യുവജനങ്ങൾക്ക് വിദഗ്ധ തൊഴിൽ പരിശീലനം നൽകി, 10,000 ചെറുകിട തൊഴിൽ സംരംഭങ്ങൾ സ്ഥാപിച്ച് 1 ലക്ഷം പേർക്ക് പ്രത്യക്ഷമായും 5 ലക്ഷം പേർക്ക് പരോക്ഷമായും തൊഴിൽ ഉറപ്പ് വരുത്തുന്ന ഒരു പദ്ധതിയാണ് കേരള സംസ്ഥാന സ്വയം സംരംഭക വികസന മിഷൻ.<br><br>കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ആണ് ഈ പദ്ധതിയുടെ നോഡൽ ഏജൻസി. കേരള |

| | | |
|---|---|---|
| | | സർക്കാരിന്റെ 08.12..2011 ലെ ജി.ഒ.(എം.എസ്) 590/11/ഫിൻ നമ്പർ ഉത്തരവ് പ്രകാരമാണ് ഈ പദ്ധതി നിലവിൽ വന്നത്.<br><br>പദ്ധതി പൂർണ്ണമായും ലക്ഷ്യം നേടിയിട്ടില്ല. ഈ പദ്ധതിയുടെ 31.05.2016 ലെ കണക്കുകൾ പ്രകാരം 1757 സംരംഭങ്ങളിലൂടെ 8904 പേർക്ക് മാത്രമാണ് തൊഴിൽ ലഭിച്ചത്. |
| സി | പ്രസ്തുത പദ്ധതി തുടരാനുദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ പകരം തൊഴിൽ വികസന പദ്ധതികൾ ആവിഷ്കരിക്കുമോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | 08.12.2011 ലെ സ.ഉ. (എം.എസ്) നം. 590/11/ധന ഉത്തരവു പ്രകാരം 2011 മുതൽ 5 വർഷത്തേയ്ക്ക് സമാരംഭിച്ച പ്രസ്തുത പദ്ധതിയുടെ കാലാവധി ഈ വർഷം അവസാനിക്കും. ഈ പദ്ധതി തുടരുന്നതു സംബന്ധിച്ചും പകരം തൊഴിൽ വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതു സംബന്ധിച്ചും സർക്കാർ തീരുമാനം കൈക്കൊള്ളുന്നതാണ്. |

**സെക്ഷൻ ഓഫീസർ**